# ഉദിനൂർ സെൻട്രൽ എ.യു.പി സ്കൂൾ

# 2025 26

# എൽ.പി അക്കാദമിക മാസ്റ്റർപ്ലാൻ

# ആമുഖം

2025-26 അദ്ധ്യയനവർഷത്തേക്കായി തയ്യാറാക്കിയ ഉദിനൂർ സെൻട്രൽ എ.യു.പി സ്കൂളിന്റെ അക്കാദമിക് മാസ്റ്റർ പ്ലാൻ, കുട്ടികളുടെ സമഗ്ര വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കിയുള്ള ദീർഘദർശനത്തോടെയുള്ള ഇടപെടലുകളുടെ ദിശ നിർദ്ദേശമാണ്.

വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസവും സജീവപങ്കാളിത്തവുമുള്ള പഠനാന്തരീക്ഷം ഒരുക്കി, മികച്ച അക്കാദമിക നേട്ടങ്ങൾ കൈവരിക്കുക.

ശാസ്ത്രബോധം സാമൂഹ്യബോധം എന്നിവ ഊട്ടി ഉറപ്പിക്കാനും നല്ല പൗരനാകാനും, പഠനരംഗത്ത് ഭാഷ, ശാസ്ത്രവിഷയങ്ങൾ എന്നിവയിൽ കുട്ടികളുടെ കഴിവ് കൂടുതൽ വികസിപ്പിക്കാനുമുള്ള ഈ പദ്ധതി 2025 ജൂൺ  മുതൽ 2026 മാർച്ച്  വരെ നടപ്പിലാക്കാനാണ് രൂപീകരിച്ചിരിക്കുന്നത്. അദ്ധ്യയനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ തിരിച്ചറിഞ്ഞ് ഉചിതമായ പരിഹാരമാർഗങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും കൂടിയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ഉല്ലാസവും സജീവ പങ്കാളിത്തവുമുള്ള പഠനാന്തരീക്ഷം ഒരുക്കി, വിദ്യാർത്ഥികൾക്ക് മികച്ച അക്കാദമിക നേട്ടങ്ങൾ കൈവരിക്കാൻ വഴിയൊരുക്കുക എന്നതാണ് പ്രഥമലക്ഷ്യം.

# അക്കാദമിക മാസ്റ്റർപ്ലാൻ

## ഒന്നാം തരം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്ത ഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രി തന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് "കുരുന്നെഴുത്തുകൾ" എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരനായതിന്റെയും പരസഹായ മില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാൻ കഴിവു നേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ 'പഠനോത്സവം'.

**<u>വാർഷിക ലക്ഷ്യങ്ങൾ</u>**

1. ചെറുസദസിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.
2. ഓരോ കുട്ടിയും വായിച്ച് മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും സദസിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുന്നു.
4. ഓരോ കുട്ടിയും സ്വന്തം ആശയം, ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
5. ഓരോ കുട്ടിയും സർഗാത്മകരചനകൾ നടത്താനുള്ള കഴിവ് നേടുക.
6. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
8. പഠനോത്സവം

| ജൂൺ ജൂലൈ | ആഗസ്ത് സെപ്തംബർ | ഒക്ടോബർ നവംബർ | ഡിസംബർ ജനുവരി | ഫെബ്രുവരി മാർച്ച് |
|---|---|---|---|---|
| • പൂർണ്ണപങ്കാളിത്ത ക്ലാസ് പി.ടി.എ<br>• ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)<br>• വായനോത്സവം കഥാവേളയും | സംയുക്തഡയറി<br><br>വായനാകാർഡുകൾ<br><br>പാട്ടരങ്ങ് | രചനോത്സവം<br><br>റീഡേഴ്സ് തിയേറ്റർ | കുട്ടിപത്രം<br><br>പഠനയാത്ര<br><br>കുഞ്ഞുവായന<br><br>സൂപ്പർ അസംബ്ലി | സംയുക്തഡയറി, സ്വതന്ത്ര്യരചനകൾ പുസ്തകമാക്കി മാറ്റൽ<br><br>പഠനോത്സവം |

# AIMS

students read and enjoy simple stories poems and rhymes with three or four sentences or lines express the ideas in pictures and other forms students who need support were give due core. To enable the students to read English and comprehend and interpret the text. Developing students communication skills reading, writing, speaking and listening in both formal and informal contexts.

## Learning Objectives

1. Enjoy songs and sing them with rhythm and action
2. Respond to a simple instructions / simple prompt
3. Describe the picture
4. Identify words with corresponding picture.
5. Read and enjoy simple reading cards.
6. Add more lines to the song.
7. understands the musical / rhythmic features of language
8. Construct dialogues.

| June to July | August to September | October to November | December to January | February to March |
|---|---|---|---|---|
| Enjoy songs and sing them with rhythm and action.<br><br>Get familiarized with names of objects / persons animals in English.<br><br>Understands simple structure of sentences.<br><br>Understand the musical / rhythmic feature of language | Respond to simple instructions (Open your note book etc)<br><br>Write short descriptions about familiar objects / Persons.<br><br>Adds lines to the song.<br><br>Construct dialogues reloded to specific contexts. | Describe the picture.<br><br>Uses possessives.<br><br>Speak write about objects birds animals.<br><br>Add lines to song.<br><br>Describe past events. | Identify words with corresponding picture.<br><br>Enact the skit following the directions.<br><br>Read simple reading cards. | Read conversation.<br><br>Write simple descriptions.<br><br>Write simple sentences.<br><br>Add lines to the song.<br><br>Complete the sentence with meaningfully. |

# ആമുഖം

ഒന്നാം ക്ലാസിൽ നിന്നു തന്നെ ഗണിതപ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ട തുണ്ട്. ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണല്ലോ. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻ തള്ളി പോകാതെ മൂല്യധാരയിൽ എത്തിക്കേണ്ടത് നമുക്കാവശ്യമാണ്. ജീവിതത്തിൽ ഓരോ വ്യക്തിയും ഒഴിച്ചു കൂടാതെ അത്യന്താപേക്ഷികളാണ് ഗണിതപ്രവർത്ത നങ്ങൾ. ഗണിതമില്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാകാവുന്നതാണ്. പലതരത്തിൽ ഗണിതാശയ ങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

**<u>വാർഷിക ലക്ഷ്യങ്ങൾ</u>**

- വസ്തുതകളെ താരതമ്യം ചെയ്ത് ചെറുത് / വലുത് / നീളം കൂടിയത് / കുറഞ്ഞത് / കനം കൂടിയത് / കുറഞ്ഞത് എന്നിവ തിരിച്ചറിയുന്നു.
- ഒന്ന്, രണ്ട് സൂചിപ്പിക്കാൻ 1,2,3,4,5 ചിഹ്നങ്ങൾ ഉപയോഗിക്കുന്നു.
- സമയബോധം വളർത്തുന്നു.
- ഒരു കൂട്ടത്തിൽ നിന്നും നിശ്ചിത എണ്ണം എണ്ണിയെടുക്കുന്നു.
- 1 മുതൽ 20 വരെ സംഖ്യകൾ ഉപയോഗിച്ച് സങ്കലനം/വ്യവകലനം പ്രവർത്തനങ്ങളിലേർപ്പെടുന്നു.

| **ജൂൺ ജൂലൈ** | **ആഗസ്ത്<br>സെപ്തംബർ** | **ഒക്ടോബർ<br>നവംബർ** | **ഡിസംബർ<br>ജനുവരി** | **ഫെബ്രുവരി മാർച്ച്** |
|---|---|---|---|---|
| ചുറ്റുപാടും<br>നിരീക്ഷിച്ച് ദ്വിമാന<br>ത്രിമാന ആശയ<br>രൂപീകരണം<br><br>ഗണിതപ്പാട്ടുകൾ<br><br>ചിത്രപ്പാറ്റേൺ ഭംഗി<br>ആസ്വദിക്കുന്നു. | ഒരു കൂട്ടത്തിൽ<br>നിന്ന് നിശ്ചിത<br>എണ്ണം<br>എണ്ണിയെടുക്കുന്നു.<br><br>സംഖ്യകൾ<br>തിരിച്ചറിയുന്നു.<br><br>ഒന്നു മുതൽ ഒമ്പത്<br>വരെ എഴുതാൻ<br>പഠിക്കുന്നു.<br><br>ഒന്നുമില്ല എന്നത്<br>പൂജ്യം ആണെന്ന്<br>തിരിച്ചറിയുന്നു. | കൂട്ടങ്ങളെ<br>താരതമ്യം<br>ചെയ്യുന്നു.<br><br>10ഉം 10നോട്<br>ചേർന്നുള്ള<br>ഒന്നുകളുടെ<br>എണ്ണവും ചേർന്ന് 1<br>മുതൽ 19<br>വരെയുള്ള<br>സംഖ്യകൾ<br>എഴുതുന്നു.<br>വായിക്കുന്നു. | സംഖ്യകളെ<br>വ്യത്യസ്തസംഖ്യ<br>തുകയാക്കി<br>മാറ്റുന്നു.<br><br>10ഉം 10നോട് രണ്ട്<br>10 ഉം ചേർന്ന് 20<br>ആക്കുന്നു.<br><br>സമയബോധം<br>ഉണ്ടാക്കുന്നു.<br>(രാവിലെ, ഉച്ച,<br>രാത്രി) | സങ്കലനം<br><br>വ്യവകലനം<br>(+ചിഹ്നം<br>- ചിഹ്നം)<br><br>20 വരെ സംഖ്യക<br>ളുടെ തുക കാണു<br>ന്നു.<br><br>20 വരെ<br>സംഖ്യകളുടെ<br>വ്യത്യസ്ത ക്രിയ |

# അക്കാദമിക മാസ്റ്റർപ്ലാൻ

# സ്റ്റാൻഡേർഡ് – 2

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നിവയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസന ങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികസനമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് പ്രാധാന്യം. പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം** **ക്ലാസ് : 2**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വന്തം അനുഭവങ്ങൾ കേമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു. | കൗതുകമുള്ള ഡയറിക്കുറിപ്പുകൾ പങ്കുവയ്ക്കുന്നു. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാനകവിതകളും ഈണം നൽകി അവതരിപ്പിക്കുന്നു. | പാട്ടരങ്ങ് – കുട്ടികളെക്കൂടി പങ്കാളികളാക്കി അവതരിപ്പിക്കൽ, പാട്ടവതരണവും ആവിഷ്കാരവും) വീഡിയോ ഡോക്യുമെന്ററുകൾ | ജൂൺ, ജൂലൈ, ആഗസ്ത്, സെപ്തംബർ | ക്ലാസ് ടീച്ചർ HM | |
| രണ്ടാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും സചിത്ര പുസ്തകരൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. | സചിത്ര പുസ്തകം ആസ്പദമാക്കിയുള്ള രക്ഷാകർതൃയോഗങ്ങൾ, ഭാഷോത്സവത്തിൽ സചിത്ര ബുക്ക് അവതരിപ്പിക്കൽ | ജൂൺ, ജൂലൈ, ആഗസ്ത് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു. ലൈബ്രറി പ്രയോജനപ്പെടുത്തുന്നു. | രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു. അമ്മ വായന, മാതൃവായന | ജൂൺ – മാർച്ച് | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |
| രചനോത്സവം എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. കൃത്യമായ ഇടവേളകളിൽ രചനാപ്രവർത്തനം | പ്രതിമാസ രചനോത്സവം രചനകളുടെ പ്രസിദ്ധീകരണം വ്യക്തിഗത രചന | ജൂലൈ – ഫെബ്രുവരി | ക്ലാസ് ടീച്ചർ ക്ലാസ് പി. ടി.എ | |

| | | | | |
|---|---|---|---|---|
| അരങ്ങത്തേക്ക്<br>രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടിക ളെയും | പാഠഭാഗത്തിന്റെ തെരഞ്ഞെടുപ്പ്<br>ക്ലാസ്സിലെ അവതരണത്തിൽ മികച്ചത് ബാലസഭയിലും അസംബ്ലിയിലും അവതരിപ്പിക്കുന്നു. | ജൂൺ, ആഗസ്ത്, മാർച്ച് | ക്ലാസ് ടീച്ചർ | |
| രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും  റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. മികച്ച വായനക്കാരായി മാറുന്നു | എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാഠഭാഗങ്ങൾ തിരഞ്ഞെടുക്കുന്നു. മികച്ചത് ബാലസഭയിൽ | സെപ്തംബർ, ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| പരിസരപഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു.<br>നിരീക്ഷിച്ച കാര്യങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു.<br>പുറം വാതിൽ പഠനത്തിനുള്ള സാധ്യത ഒരുക്കുന്നു. | പ്രകൃതിനടത്തം, നിരീക്ഷണം, പാഠഭാഗത്തിനനുയോജ്യമായ പ്രകൃതിപഠന സാധ്യതകൾ കണ്ടെത്തുന്നു.<br>നാട്ടുവിശേഷം കൂട്ടെഴുത്ത് നടക്കുന്നു.എഡിറ്റിങ്ങ് പതിപ്പ് തയ്യാറാക്കൽ പ്രദർശനം | | ക്ലാസ് ടീച്ചർ<br>CATA<br>SRG | |
| ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു.<br>രചനാശേഷി പരിപോഷിക്കുന്നു.<br>പരസ്പരം പിന്തുണ നേടുന്നു. | കുട്ടികൾ രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ, ചിത്രങ്ങൾ ഉൾപ്പെടുത്തി ക്ലാസ്പത്രം തയ്യാറാക്കുന്നു.<br>എഡിറ്റിങ്ങ് അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>രചനോത്സവത്തിന് പ്രദർശനം | ജനുവരി, ഫെബ്രുവരി, മാർച്ച് | ക്ലാസ് ടീച്ചർ<br>HM<br>PTA | |

**മേഖല : അക്കാദമികം** **ഉപമേഖല : പരിസരപഠനം** **ക്ലാസ് : 2**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ നിരീക്ഷിക്കാനും ചുറ്റുപാടിനെ അടുത്തറിയാനും രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുന്നു. | പ്രകൃതിനടത്തം<br>സ്കൂൾ പരിസരം<br>കാവ് കുളം - സന്ദർശനം | ജൂൺ,<br>ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക് - നമുക്കും കർഷകരാകാം | ജൂലൈ,<br>ആഗസ്ത് | SRG<br>SMC<br>നാട്ടുകാർ | |
| പരീക്ഷണങ്ങൾ<br>ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.<br>നിഗമനങ്ങളിലെത്താൻ കുട്ടി പ്രാപ്തി നേടുന്നു.<br>ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയവ രൂപകല്പനയും ചെയ്യുന്നു. | ജൂലൈ,<br>ആഗസ്ത് | ക്ലാസ് ടീച്ചർ<br>SMC<br>CPTA | |
| പരീക്ഷണക്കിറ്റ്<br>എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ സ്വന്തമായി ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു. | എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു. | ആഗസ്ത്,<br>സെപ്തംബർ,<br>ഒക്ടോബർ,<br>മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>PTA | |
| ആഹാരശീലങ്ങളും , ഭക്ഷ്യവസ്തുക്കളുടെ പ്രത്യേകതകളും - തിരിച്ചറിവ് | ഭക്ഷ്യമേള - പ്രദർശനം<br>നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | നവംബർ-<br>മാർച്ച് | ക്ലാസ് ടീച്ചർ | |

മേഖല : അക്കാദമികം ഉപമേഖല : ഇംഗ്ലീഷ് ക്ലാസ് : 2

| Aim | Activity | Duration | Duty | Economic Source |
|---|---|---|---|---|
| Listen, speak, read and write English fluently with confidence<br><br>Students who need support where given | 1. Enjoy songs and sing them with rhythm and action<br><br>2. Respond to simple instructions<br>Read and enjoy simple reading cards.<br><br>3. Describe the picture<br><br>4. English balasabha<br><br>5. English assembly (one day English) | June to July<br><br>August to September<br><br>October to November<br><br>December to January<br><br>February to March | Teachers | English club |

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം

### ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ' ഉല്ലാസ ഗണിതം' പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ടുവെയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

### പ്രവർത്തന ലക്ഷ്യം

- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

| | |
|---|---|
| **ജൂൺ** | 1, 2, 3, 4 ......<br>1,3,5,7....<br>10,20,30,40,....<br>5,10,15,20....<br>2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ<br>ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ . |
| **ജൂലൈ** | • ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>(5+5 = 10, 10+10= 20) |
| **ആഗസ്റ്റ്** | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>• 99 നോട് 1 കൂട്ടിയാൽ 100<br>• 10 പത്തുകൾ ചേർന്നാൽ 100 ആകും<br>• 100 ഒന്നുകൾ ചേർന്നതാണ് 100<br>ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയതലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ |
| **സെപ്റ്റംബർ** | • ഗണിതക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ<br>• വിലവിവരപട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു. |
| **ഒക്ടോബർ** | • രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു<br>• സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ<br>• സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിതബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)<br>5...10.... 15.... 20... 25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം) |

| | |
|---|---|
| നവംബർ | • സ്ഥാന വില തിരിച്ചറിയൽ (ഒന്ന് പത്ത്)<br>• പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വട്ടി തയ്യാറാക്കി സംഖ്യ എഴുതൽ<br>• ‘ക്ലാസിനാരു ‘ കളിയിലൂട പ്രശ്നം നിർധാരണം ചയ്യൽ<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത്സംഖ്യ രൂപീകരിക്കൽ<br>10 രൂപ + 5 രൂപ = 15 രൂപ<br>നോട്ട്നാണയം |
| ഡിംബർ | • സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.<br>• സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമിക്കൽ)<br>• രണ്ടക്കസംഖ്യകളുട തുക കണ്ടത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു. |
| ജനുവരി | • വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പടുത്തൽ, പട്ടികയില വിവരങ്ങൾ കണ്ടത്തി പറയൽ<br>പ്രശ്നം നിർധാരണം ചയ്ത് തുക കണ്ടത്തൽ രീതികൾ<br>• സങ്കലനവ്യവകലനക്രിയകൾ ഉൾപ്പടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചയ്യൽ |
| ഫെബ്രുവരി | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ<br>• ഉല്ലാസ ഗണിതം ഉപയോഗിച്ച്ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ |
| മാർച്ച് | • ’കലണ്ടർ പതിപ്പ്തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുട വ്യത്യാസം കണ്ടത്തൽ<br>• കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചയ്യൽ.<br>• ഗണിതാശയങ്ങൾപ്രായോഗിക പ്രശ്നത്തിലൂട കൈകാര്യം ചയ്യാൻ പ്രാപ്തരായി കഴിയുക. |

# അക്കാദമിക മാസ്റ്റർപ്ലാൻ

# സ്റ്റാൻഡേർഡ് – 3

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ് 3 മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br><br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി.പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ – ജൂലൈ | അധ്യാപകൻ | സി.പി.ടി.എ |
| **ലേഖനം**<br><br>വിവിധ വ്യവഹാരരൂപങ്ങൾ അഅസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br><br>അക്ഷരം തെറ്റുകൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.<br>ജൂൺ 5 പരിസ്ഥിതിദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br><br>ആഗസ്ത് 6 ഹിരോഷിമദിനം പോസ്റ്റർ<br>ആഗസ്ത് 9 നാഗസാക്കിദിനം | ജൂൺ<br><br>ജൂൺ<br><br>ആഗസ്ത് | അധ്യാപകൻ | സി.പി.ടി.എ |

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്ത് 15 സ്വാതന്ത്ര്യദിനം<br><br>സെപ്തംബർ 5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി<br>അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ<br><br>ഒക്ടോബർ 10 ദേശീയ തപാൽ<br>ദിനം<br>കൂട്ടുകാരനൊരു കത്ത്<br><br>നവംബർ 1 കേരളപ്പിറവി<br>പ്രസംഗം<br><br>നവംബർ 14 ശിശുദിനം | ആഗസ്ത്<br><br>സെപ്തംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ<br>വ്യവഹാര രൂപങ്ങൾ അവതരി<br>പ്പിക്കൽ<br><br>വേദി – സി.പി.ടി.എ | അധ്യയനവർഷം<br>മുഴുവൻ | സി.പി.ടി.എ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ് 3 പരിസരപഠനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സർക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ പ്രകൃതി നടത്തം – (പാടം, വിദ്യാലയത്തിലെ ജൈവവൈവിധ്യ ഉദ്യാനം) | ജൂൺ – ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതിസംരക്ഷണം | മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br><br>മഴക്കുഴി നിർമാണം<br><br>വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്ത്, സെപ്തംബർ | അധ്യാപകൻ<br>പി.ടി.എ<br>ഹരിതകർമ സേന –പി.ടി.എ | പി.ടി.എ |
| വ്യക്തിശുചിത്വം | കൈ കഴുകൽ – പരിശീലനം<br><br>പോസ്റ്റർ നിർമാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്തംബർ – ഒക്ടോബർ | ജെ.ആർ.സി യൂണിറ്റ്<br>അധ്യാപകൻ<br>കുട്ടികൾ | പി.ടി.എ<br><br>ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ് 3 ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂലൈ | അധ്യാപകൻ സി.പി.ടി.എ | ഇല്ല |
| 9 വരെയുള്ള സംഖ്യകളെ വ്യത്യ സ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്ത് | അധ്യാപകൻ | ഇല്ല |
| | നാണയങ്ങൾ, കളിനോട്ടുകൾ പാറ്റേണുകൾ (ഗണിതക്ലബ്ബ്) | ആഗസ്ത് | അധ്യാപകൻ കുട്ടികൾ | സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാ ബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്തംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| സങ്കലന – വ്യവകലന ക്രിയ കൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | മന:കണക്കുകൾ നിത്യജീവിതവുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ നവംബർ | അധ്യാപകൻ കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | മന:കണക്കുകൾ മഞ്ചാടിക്കളി | ഡിസംബർ ജനുവരി | അധ്യാപകൻ കുട്ടികൾ സി.പി.ടി.എ | ഇല്ല |
| ഘരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | നിത്യജീവിതവുമായി ബന്ധ പ്പെട്ട പ്രവർത്തനങ്ങൾ ഐ.സി.ടി വിഭവങ്ങൾ ഉപ യോഗിച്ച് | ഫെബ്രുവരി മാർച്ച് | അധ്യാപകൻ കുട്ടികൾ | ഇല്ല |

## അക്കാദമിക് മാസ്റ്റർ പ്ലാൻ – ക്ലാസ് 3 ഇംഗ്ലീഷ്

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| For study alphabets | Pre Test<br>Write simple words<br>Read | June – July | Teacher<br>Students | P.T.A |
| For study, write and read simple words | Circle the word from TB and read | August<br>September | Teacher<br>Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like may I drinks some water? May I go to bath room?<br><br>Hello<br>Hello everyone<br>Good morning<br>Good morning everyone<br>Good morning class<br>Good afternoon everyone<br>How are you?<br>How are you all?<br>How are you today?<br>Let me take attendance etc. | Academic year | Teacher,<br>Students,<br>Parents | Nil |

# അക്കാദമിക മാസ്റ്റർപ്ലാൻ
# സ്റ്റാൻഡേർഡ് – 4

# പരിസരപഠനം നാലാം ക്ലാസ്സ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട പിരീഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | വാന നിരീക്ഷണകേന്ദ്രം<br>സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രവർത്തനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>CPTA<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം, ഇന്ത്യ, ഭൂപടവായന- സൂചിക-പരിചയപ്പെടൽ | ഭൂപടവായന, ഭൂപട രചന, സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ സൂചന | ശാസ്ത്രമാസികയുടെ നിർമ്മാണം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

# മലയാളം നാലാം ക്ലാസ്സ്

| ലക്ഷ്യങ്ങൾ | ഉപപ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ<br><br>വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ<br><br>സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവു വികസിപ്പിക്കൽ<br><br>വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ<br><br>എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | പാഠപുസ്തകം ടീച്ചർ ടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയ പുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | എസ്.ആർ.ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക് കൂടി സഹായകമായ ശ്രവണ പഠനം തയ്യാറാക്കൽ | മെയ് 2025 | എസ്.ആർ.ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി.ടി.എ സ്പോൺസറിങ്ങ് | പ്രവേശനോത്സവം |
| | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യ വാരം | ക്ലാസ് പി.ടി.എ | |
| | കുട്ടികളുടെ പുസ്തകമേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി.ടി.എ എസ്.എ.സി പൂർവ്വ വിദ്യാർത്ഥി സംഘടന | |
| | അമ്മമാരുടെ വായന, രചനാശില്പശാല | ജൂലായ് | എസ്.ആർ.ജി, പ്രാദേശിക വിദഗ്ധർ | |
| | ആദ്യപൊതു അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം | ആഗസ്ത് സെപ്തംബർ | | ക്ലാസ് പി.ടി.എ |
| | എല്ലാ കുട്ടികളുടെയും രചനാ പരിചയക്കുറിപ്പുകളുടെ പ്രകാശനം | 2026 മാർച്ച് 20/21 | | ലോകകഥാദിനം / കവിതാദിനം |

## അക്കാദമിക മാസ്റ്റർപ്ലാൻ - 2025-26 - മേഖല ക്ലാസ് 4 ഗണിതം

### ആമുഖം

2025-26 അധ്യയനവർഷത്തിൽ നാലാം ക്ലാസിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ കർമ്മപദ്ധതിയുടെ രൂപരേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഭാഷ, പരിസരപഠനം, ഗണിതം എന്നീ വിഷയങ്ങൾ പ്രാധാന്യം നൽകുന്ന കർമ്മപദ്ധതി രക്ഷിതാക്കളുടെ സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപകല്പന ചെയ്തിട്ടുള്ളത്. സമഗ്രഗുണമേന്മ പദ്ധതിയുടെ ഭാഗമായി മുഴുവൻ കുട്ടികൾക്കും നാലാം ക്ലാസിലെ എല്ലാ പഠനലക്ഷ്യങ്ങളും നേടിയെടുക്കാൻ പറ്റുന്ന രീതിയിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നതാണ് ഈ വർഷത്തെ രീതിശാസ്ത്രം.

ഭാഷയേയും പരിസരപഠനത്തെയും അപേക്ഷിച്ചു ഗണിതം കൂടുതൽ പ്രയാസമുള്ളതായി അനുഭവപ്പെടുന്ന കുട്ടികൾക്ക് ഗണിതപഠനത്തോടു കൂടുതൽ താല്പര്യം ഉണ്ടാക്കുക. ഗണിതപാഠനം കൂടുതൽ രസകരവും ആസ്വാദ്യകരവുമാക്കുക അതിലൂടെ നാലാം ക്ലാസിൽ നിന്നും അഞ്ചാം ക്ലാസിലേക്ക് സ്ഥാനം കയറ്റം കിട്ടുമ്പോൾ കുട്ടികൾക്ക് വേണ്ട എല്ലാ ഗണിതശേഷികളും നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുക എന്നതാണ് ലക്ഷ്യമിടുന്നത്. അതിനായി ഒരു വർഷം നടപ്പാക്കേണ്ടുന്ന അക്കാദമിക പ്രവർത്തനങ്ങൾ സമയബന്ധിതമായി ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെജീവിതവുമായി ബന്ധപ്പെടുത്തുക.
- കരിക്കുലം വിഭാവനം ചെയ്യുന്ന പഠനലക്ഷ്യങ്ങൾ നേടിയെന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതിക വിദ്യകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുക.
- യുക്തിചിന്ത, ഗണിതചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## വാർഷികകർമപദ്ധതി രൂപരേഖ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | വിലയിരുത്തൽ |
|---|---|---|---|
| മൂന്ന് സംഖ്യകളുടെ ഗണിതം സംഖ്യാവബോധം ഗണിതക്രിയ കൾ, പ്രായോഗിക പ്രശ്ന നിർധാ രണം എന്നിവയുമായി ബന്ധ പ്പെട്ടതിൽ പിന്തുണ നല്കും. | സന്നദ്ധതാപ്രവർത്തനങ്ങൾ<br>കളിയിലൂടെയുള്ള ഗണിതപഠനം<br>പ്രീടെസ്റ്റ് | ജൂൺമാസം ആദ്യവാരം | |
| വിവിധ ജ്യാമിതീയ രൂപങ്ങളെക്കുറി ച്ചുള്ള വ്യക്തമായ ധാരണ നേടൽ | ഗണിതലാബ് സജ്ജീകരണം / ഗണിത പ്പട്ടിക തയ്യാറാക്കൽ<br>വൃത്തം, ചതുരം, സമചതുരം, ത്രികോണം എന്നീ ജ്യാമിതീയ രൂപ ങ്ങൾ വരയ്ക്കൽ | ജൂൺ - ജൂലൈ | |
| | ത്രിമാന വസ്തുകകൾ പട്ടികപ്പെടു ത്തൽ<br>ജ്യാമിതീയ രൂപങ്ങളുടെ വൈവിധ്യ പൂർണ്ണമായ നിർമ്മാണങ്ങൾ കൊണ്ട് ക്ലാസ് എക്സിബിഷൻ നടത്തൽ | | |
| നാല് സംഖ്യകളുടെ സംഖ്യാവ ബോധം ഉറപ്പിക്കൽ | കളിനോട്ടുകൾ, സംഖ്യാസ്ട്രിപ്പുകൾ ഉപയോഗിച്ചുള്ള ഗണിതക്രിയകൾ<br>പാറ്റേൺ പസിലുകൾ വിശകലനം നിർമ്മാണം<br>റോമൻ സംഖ്യാസമ്പ്രദായം പരിചയ പ്പെടൽ | ജൂലൈ | |

| | | | |
|---|---|---|---|
| അഞ്ച് സംഖ്യകളുടെ സംഖ്യാവബോധം | അഞ്ച് സംഖ്യകളെ സ്ഥാനവില അനുസരിച്ച് വ്യാഖ്യാനിക്കൽ<br>പതിനായിരത്തിൽ അപ്പുറമുള്ള അക്കങ്ങൾ അക്കത്തിലും അക്ഷരത്തിലും എഴുതുക | ജൂലൈ | |
| നാല് സംഖ്യകളുടെ സങ്കലനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | നാല് സംഖ്യകളുടെ സങ്കലനം<br>പുന:ക്രമീകരണം വരാത്തതിൽ നിന്നുള്ള ക്രമീകരണം ത്രിവേല സങ്കലന ക്രിയകൾ അടങ്ങിയ പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | ഓഗസ്ത് | |
| | സങ്കലനം ഉൾപ്പെടുന്ന പാറ്റേണുകളുടെ വിശകലനം നിർമാണം<br>ഗണിതശാസ്ത്രപ്രതിഭകളെ പരിചയപ്പെടുത്തൽ<br>ഗണിത ക്വിസ് സംഘടിപ്പിക്കൽ | | |
| സമയം, സമയദൈർഘ്യം 12 മണിക്കൂർ ക്ലാസ് സമയവുമായി ബന്ധപ്പെട്ട പ്രായോഗികപ്രശ്നങ്ങൾ, കലണ്ടർ എന്നീ പഠനലക്ഷ്യങ്ങൾ കൈവരിക്കൽ | ഗണിതപഠനോപകരണ നിർമ്മാണശില്പശാല<br>ക്ലോക്ക്, വാച്ച് നോക്കി സമയം പറയുന്നു.<br>മിനിറ്റിനെയും സെക്കന്റിനെയും മണിക്കൂറുമായുള്ള ബന്ധം വിശദീകരിക്കുന്നു.<br>സമയത്തെ am, pm എന്നിവ ഉപയോഗിച്ച് പറയുന്നു.<br>സമയദൈർഘ്യം കണ്ടെത്തുന്നു.<br>സമയവിവരപ്പട്ടിക അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു.<br>സമയവുമായി ബന്ധപ്പെട്ട പ്രായോ | സെപ്തംബർ | |

| | | | |
|---|---|---|---|
| | ഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യു ന്നു.<br>കലണ്ടർ പരിചയപ്പെടുത്തുന്നു.<br>കലണ്ടർ പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു.<br>ഗണിതമേള സ്കൂൾതലത്തിൽ നടത്തു ന്നു.<br>ഗണിതമധുരം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേകപഠന പദ്ധതി തയ്യാറാക്കൽ. | | |
| നാല് സംഖ്യകളുടെ വ്യവകലനം ഉൾപ്പെടുന്നു. പ്രായോഗികപ്രശ്ന ങ്ങൾ നിർധാരണം ചെയ്യൽ | രണ്ട് നാല് സംഖ്യകൾ തമ്മിൽ വ്യത്യാസം കാണുന്നു.<br>കുടുംബബഡ്ജറ്റ് തയ്യാറാക്കൽ<br>ക്ലാസിൽ ഒരു കച്ചവടം<br>കുട്ടികളുടെ ബാങ്ക് സമ്പാദ്യശീലം വളർത്തുന്നതിന്. | | |
| ഗുണനക്രിയ ഉൾപ്പെടുന്ന പ്രായോ ഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | സംഖ്യകൾ ആവർത്തിച്ചു കൂട്ടേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>സംഖ്യയുടെ എണ്ണം കൊണ്ട് ഗുണി ക്കൽ<br>ഗുണനം ഉൾപ്പെടുന്ന ഗണിതകളിലൂടെ ഗുണനക്രിയ ഉറപ്പിക്കൽ<br>ഗുണനക്രിയകൾ ഉൾപ്പെടുന്ന പ്രായോ ഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>സംഖ്യകൾ ഗുണിക്കുന്നതിന് വ്യത്യസ്ത മാർഗങ്ങൾ കണ്ടെത്തുന്നു.<br>ഗുണനം ഉൾപ്പെടുന്ന പാറ്റേണുകളുടെ വിശകലനം നിർമാണം. | | |

| | | | |
|---|---|---|---|
| ഹരണക്രിയ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | സംഖ്യകൾ ആവർത്തിച്ചു കുറയേണ്ടി വരുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>ഹരണക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>പാറ്റേണുകൾ കണ്ടെത്തൽ<br>പകുതിയും കാൽഭാഗവും കണ്ടെത്തൽ<br>വിവിധ ജ്യാമിതീയ രൂപങ്ങളിൽ **½**, ¼ എന്നിവ കണ്ടെത്തൽ. | | |
| നീളം, ഭാരം എന്നിവ അളക്കുന്നതിനുള്ള ഏകകങ്ങളെക്കുറിച്ചു വ്യക്തമായ ധാരണ നേടൽ | നീളം അളക്കുന്നതിനജന്യ ഏകകം കണ്ടെത്തൽ<br>അളവ് പാത്രങ്ങൾ അളക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ നിർമ്മാണം, പ്രദർശനം | | |
| ലളിത ഗവേഷണരീരിയെക്കുറിച്ചുള്ള ധാരണ നേടൽ | വിവരശേഖരണം നടത്തൽ<br>പട്ടികവിശകലനം ചെയ്ത് നിഗനമനത്തിൽ എത്തുക.<br>ചിത്രങ്ങളും വരകളും ഉപയോഗിച്ച് വിവരങ്ങൾ അവതരിപ്പിക്കൽ<br>ചിത്രങ്ങളിലെ വിവരശേഖരങ്ങൾ നടത്തൽ | | |
| പഠനോത്സവം | പഠനമികവ് പ്രദർശനം | മാർച്ച് | |

# ACADEMIC MASTER PLAN ENGLISH CLASS -IV

## Objective:

To develop students' ability to create and understand a simple English picture storybook by integrating listening, speaking, reading, writing, and drawing skills.

## Week-wise Plan Table

| Week | Month | Focus | Activities | Skill Focus |
|---|---|---|---|---|
| Week 25 | Month 7 - Week 1 | Story Introduction | Read a simple picture book. Discuss characters, setting, beginning, middle, end. | Listening, Reading |
| Week 26 | Month 7 - Week 2 | Picture Talk & Sequencing | Show 3–4 picture sequences. Ask: What is happening? What happens next? Match sentences. | Speaking, Reading |
| Week 27 | Month 7 - Week 3 | Story Planning Practice | Introduce the worksheet. Plan story together. Students create their own characters and story ideas. | Writing, Vocabulary |
| Week 28 | Month 7 - Week 4 | Begin Story Creation | Students draw first 2 pictures and write short sentences. Peer sharing. | Writing, Drawing, Speaking |
| Week 29 | Month 8 - Week 1 | Continue Story Creation | Students complete drawing and writing for all 4 pages. | Writing, Drawing |
| Week 30 | Month 8 - Week 2 | Cover Page and Book Assembly | Design cover page. Title and author. Staple pages to create books. | Writing, Art |
| Week 31 | Month 8 - Week 3 | Practice Story Sharing | Students practice reading their storybook aloud to partners or small groups. | Reading Aloud, Speaking |
| Week 32 | Month 8 - Week 4 | Story Sharing Day | Present books to the class. Peer feedback. Display books in 'Story Corner.' | Speaking, Confidence, Presentation |

# യു.പി

# അക്കാദമിക മാസ്റ്റർപ്ലാൻ

# അക്കാദമിക് മാസ്റ്റർ പ്ലാൻ – സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കഥ | കഥാവതരണം – കഥകളുടെ ഓഡിയോ വീഡിയോ പ്രദർശനം | ജൂൺ, ജൂലൈ, ആഗസ്ത് | സംസ്കൃതാദ്ധ്യാപിക ഐ.ടി ടീച്ചർ ലൈബ്രറി | 1000 |
| സുഭാഷിതം | സുഭാഷിതങ്ങളുടെ ആശയവും അർത്ഥവും പഠിക്കുക. സുഭാഷിത ശേഖരണം, ഓഡിയോ, വീഡിയോ പ്രദർശനം | സെപ്തംബർ ഒക്ടോബർ നവംബർ | സംസ്കൃതാദ്ധ്യാപിക ഐ.ടി ടീച്ചർ ലൈബ്രറി | 500 |
| കവിത | കവിതാശേഖരണം കവിതകളുടെ ഓഡിയോ വീഡിയോ പ്രദർശനം | ഡിസംബർ ജനുവരി ഫെബ്രുവരി | സംസ്കൃതാദ്ധ്യാപിക ഐ.ടി ടീച്ചർ ലൈബ്രറി | 500 |
| കഥ, കവിത, സുഭാഷിതം | ക്രോഡീകരണം, കുട്ടികൾ ആർജ്ജിച്ച കഴിവുകളുടെ പ്രദർശനം | മാർച്ച് | എല്ലാ അദ്ധ്യാപിക അദ്ധ്യാപകരും | 2000 |
| സംഭാഷണം | ഭാഷണക്ലാസുകൾ, ശിൽപ്പശാല കൾ, വാർത്ത, വായനാപരിശീലനം, ശിബിരം | 7 മാസം | സംസ്കൃതാദ്ധ്യാപിക | 500 |

# മലയാളം 2025-26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവാദം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അവധിക്കാല അനുഭവം :<br>കുട്ടികളെ അവരുടെ സർഗ്ഗവാസന സ്വതസിദ്ധമായ രീതിയിൽ അവതരിപ്പിക്കാൻ അനുവദിക്കുക.<br>ഭാഷകേളി :<br>അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും ഉൾപ്പെട്ട വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുക. | ജൂൺ | മലയാളം ടീച്ചർ | |
| പഠിതാവിൽ അർത്ഥപൂർണ്ണ വായന ഉറപ്പാക്കുക | വാക്കിൽ നിന്ന് വാക്യം.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം.<br>പത്രവാർത്ത:<br>പത്രവാർത്തയിലേക്ക് കുട്ടികളുടെ ശ്രദ്ധ കൊണ്ട് വരികയും പ്രതികരണശേഷി ഉച്ചാരണശുദ്ധി എന്നിവ കൊണ്ടു വരികയും ചെയ്യുന്നു.<br>വാർത്തവായന<br>മികച്ച വായനക്കാരെ കണ്ടെത്തുകയും പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. | ജൂൺ<br>1 വർഷം<br>1 വർഷം | മലയാളം ടീച്ചർ | |
| കുട്ടികളുടെ കല, സാഹിത്യം എന്നിവയോട് അനുകൂല മനോഭാവം വളർത്തുക | എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായി സംവാദിക്കാനും അഭിമുഖം നടത്തുന്നതിനും അവസരം ഒരുക്കൽ | വർഷത്തിൽ 3 തവണ | മലയാളം ക്ലബ്ബ് | |
| കുട്ടികളിൽ കലാപരമായ കഴിവുകൾ വളർത്തുക | പാഠഭാഗപ്രവർത്തനങ്ങളിൽ നൃത്തം, നാടകം, നാടൻപാട്ട് എന്നിവയുടെ സാധ്യത കണ്ടെത്തി അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | 1 വർഷം | മലയാളം ടീച്ചർ | |

# ദിനാചരണങ്ങൾ മലയാളം 2025–26

| മാസം/ തീയ്യതി | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ജൂൺ 15 | മുതിർന്നവരെ ചൂഷണം ചെയ്യുന്നതിനെതിരെയുള്ള ബോധം | വീട്ടിലെ അടുക്കള അറിയാം. കുട്ടികളിൽ ആദരിക്കുകയും ബഹുമാനിക്കുകയും സംരക്ഷിണം നൽകുന്നതിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നു. | ജൂൺ 19 മുതൽ ജൂലൈ 7 വരെ | മലയാളം ക്ലബ്ബ് | |
| 19 | വായാനാദിനം – വായനവാരം, വായനപക്ഷാചരണം | കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രേരണ പ്രവർത്തനം | | | |
| 21 | ലോകസംഗീതദിനം യോഗദിനം | സംഗീതദിനത്തിൽ അനശ്വരഗായകരെ ഓർമ്മിപ്പിക്കുന്നു. | | | |
| 26 | ലോക ലഹരിവിരുദ്ധ ദിനം | ലഹരിക്കെതിരെ പോരാടാൻ കുട്ടികളെ സജ്ജരാക്കുന്നു. | | | |
| ജൂലൈ 5 | ബഷീർദിനം | പത്തുബഷീർ മുത്തുബഷീർ – ബഷീർ കൃതി പരിചയപ്പെടൽ, ബഷീർനാടകം | | | |
| ആഗസ്ത് 22 | ലോകനാട്ടറിവ് ദിനം | നഷ്ടപ്പെടുന്ന പഴയകാലപദം, വിത്ത്, ചൊല്ല് തുടങ്ങിയവ പരിചയപ്പെടുത്തുന്നു. | | | |
| സെപ്തംബർ 2 | ഫളവർഷോ | വിവിധ പൂക്കളെ പരിചയപ്പെടാൻ അവസരം ഉണ്ടാക്കുന്നു. | | | |
| ഒക്ടോബർ 5 | ഫോട്ടോ ചിത്രപ്രദർശനം | കുട്ടികളുടെ സൃഷ്ടിയുടെ പ്രദർശനം | | | |
| നവംബർ 1 | കേരളപ്പിറവി | കേരളത്തെക്കുറിച്ചുള്ള ഗാനം, പ്രസംഗം തുടങ്ങിയവ | | | |

| | | | | | |
|---|---|---|---|---|---|
| നവംബർ 14 | നെഹ്റു അനുസ്മരണം | നെഹ്റു അനുസ്മരണപ്രഭാഷണം, പുസ്തകപരിചയം | | | |
| ഡിസംബർ 5 | മാതൃസുരക്ഷദിനം | രക്ഷിതാക്കളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം വിശദമാക്കുന്ന ഓർമ്മദിനം | | | |
| ജനുവരി 11 | ചിരിദിനം - കുട്ടിടാക്കീസ് | കുട്ടികൾ അവരുടെ ചിരിഅനുഭവം പരസ്പരം പങ്കിടുന്നു. കുട്ടിടാക്കീസ് - ചാർളിചാപ്ലിൻ | | | |
| ഫെബ്രുവരി 21 | മാതൃഭാഷാദിനം | മാതൃഭാഷാപ്രതിജ്ഞ പോസ്റ്റർ നിർമ്മാണം | | | |

# അക്കാദമിക മാസ്റ്റർപ്ലാൻ - സയൻസ് 2025-26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം എന്റെ വിദ്യാലയം-എന്റെ ആരാമം.<br><br>പിറന്നാൾ ചെടികൾ പച്ചക്കറി തോട്ടം, കുളം, ഔഷധത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പ്രവർത്തനം | അക്കാദമിക വർഷം<br><br>ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ സയൻസ് ക്ലബ്ബ് | |
| ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുക. | **പരീക്ഷണക്കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു.<br><br>പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി പതിപ്പാക്കുന്നു.<br><br>വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് തയ്യാറാക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| | **മാസ്റ്റർ മൈന്റ്**<br>ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **എക്സ്പോ –എക്സ്പ്ലോർ**<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ | |
| | **ശാസ്ത്രവിസ്മയ ചുമർ**<br>ദിനാചരണങ്ങളോടനുബന്ധിച്ച് ശാസ്ത്രാശയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |

# ACADEMIC MASTER PLAN ENGLISH CLASS -UP

| Aims | Activities | Month | Responsible Person | Economic Source |
|---|---|---|---|---|
| **To encourage listening and speaking**<br>• Introduce different genres (fiction, non-fiction poetry)<br>• Enhance vocabulary<br>• Enhance listening skills | Interactive story telling sessions discussing themes characters and plots to enhance listening skills.<br><br>Group discussion and role – plays to improve speaking skill<br><br>Vocabulary games to build word knowledge<br><br>Participating in classes discussions<br><br>Delivering short presentations on familiar-topics. | June | English teachers | English club |
| **To encourage Reading**<br>Develop basic speaking, writing, listening and speaking skills | Read Aloud with teaching.<br>The teacher on a student reads a short story on passage aloud while students follow along with their finger on a ruter.<br><br>This improves word recognition, tracking left to right and associating spoken words with written words. | July<br><br><br><br><br>August | English Teachers | English club |

| | | | | |
|---|---|---|---|---|
| | Vocabulary Builders (picture – word matching, flash cards)<br><br>Use flash cards with pictures on one side and the word on the other. Students match words to pictures or vice versa. Play memory games with these cards. | | | |
| | Reading competition | September | English teachers | English club |
| | <u>Simple comprehension questions</u><br>After reading a short paragraph or story ask who, what, where, when and why questions directly related to that text.<br><br>This develops ability to extract explicit information from text | | | |
| | <u>Find the word /spot the error</u><br>Give students a short passage and a list of specific words to find and circle on present a passage with a few intentional spelling errors for them to identity. | October | | |
| | <u>Story prediction</u><br>Show the cover of a book or read the first; paragraph of a story and ask students to predict what will happen next. | | | |

| | | | | |
|---|---|---|---|---|
| | Sentence completion /Jumbled sentences. Provide incomplete sentences for students to finish or jumbled words for them to arrange into a meaningful sentence. | November | English teachers | English club |
| | Picture prompts<br>Show a picture and ask students to write 2-3 simple sentence describing what they see or what is happening. | December | | |
| | "About me" paragraph have students write a short paragraph about themselves. | January | | |
| | Simple letter writing (to a friend / family member)<br>Guide students in writing a very simple letter, focusing on the basic parts, greetings a few sentences and closing. | | | |
| | Copy work and dictation (Short phrases / sentences)<br>Students copy short sentences or paragraphs accurately dictate simple sentences for them to wrote down. | | | |
| Languages games, puzzles and activities English Fest. | Integrate languages games and activities to reinforce vocabulary, grammer and language skills in an engaging way. | March | | |

| | | | | |
|---|---|---|---|---|
| | Example – play wood association games, vocabulary bingo to practice new words and concepts.<br><br>To create their own poems, stories, dictionary etc and present it to the class. | | English teachers | English club |
| Differentiation and support | Recognize and accommodate the diverse needs of students through differentiated instouction, including accommodations and modifications for specially abled students and gifted learners,<br><br>Provide additional support and resources | Through out the year | | |
| | Such as small group instruction tutoring, peer mentoring and remedial programs to help struggling students and challenge advanced learners.<br><br>Offer opportunities for students to extend learning beyond the curriculam.<br><br>Colloborate with learning support specialists, language teachers and other support sraff to ensure inclusive practices and provide targeted support for students with specific learning needs. | | | |

| | | | | |
|---|---|---|---|---|
| Assessment and Feedback | Design a range of assessment tasks and tools to measure students language proficiency.<br><br>Use variety of assesssment methods, like tests, essays etc<br><br>Provide timely and constructive feedback to students.<br><br>Involve students in self assessment and reflection activities to promote the ownership of their leanring process.<br><br>Provide resources and tips for parents on how to support their child’s literacy.<br><br>Collaborate with parents to create English language learning materials that can be used in the classroom or sent home for additional practice. | Thorugh out the year | English teachers<br><br>PTA members and Parents | English club |

# അക്കാദമിക മാസ്റ്റർപ്ലാൻ, ഉറുദു

## ആമുഖം

കുട്ടികളുടെ സമഗ്രവികസനം  ലക്ഷ്യമാക്കി എഴുത്ത്, വായന, സർഗ്ഗാത്മകത മുതലായവയിൽ ശേഷി നേടുന്നതിനും അക്കാദമികമായ നേട്ടങ്ങൾ കൈവരിക്കുന്നതിലെ അപാകതകൾ പരിഹരിച്ച് കുട്ടികൾക്ക്, ശാരീരികവും മാനസികവുമായ ഉല്ലാസത്തോടുകൂടി നേട്ടങ്ങൾ കൈവരിക്കാനാവശ്യമായ ഇടപെടലുകൾ ലക്ഷ്യം വെച്ചാണ് അക്കാദമിക മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്.

ഈ വർഷം ജൂൺ മുതൽ അടുത്ത വർഷം മെയ് വരെയുള്ള കാലയളവിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ഉറുദുഭാഷയിൽ 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് എഴുത്ത്, വായന, ഒരു സർഗാത്മകത മുതലായവയുടെ പാടവം വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങളാണ് ലക്ഷ്യം വെക്കുന്നത്.

| മേഖല | പ്രവർത്തനങ്ങൾ | സാമഗ്രി | ചുമതല | സാമ്പത്തിക വിശകലനം | കാലയളവ് |
|---|---|---|---|---|---|
| **വായന**<br>5,6,7 ക്ലാസുകളിലെ ഉർദുഭാഷ പഠിക്കുന്ന കുട്ടികൾക്ക് ഭാഷ അനായാസം കൈകാര്യം ചെയ്യാനായി വായനാശേഷി കൈവരിക്കുന്നതിന് സ്വതന്ത്ര്യ വായന | ഉർദുവിൽ വായനാശേഷി കൈവരിക്കാനായി വിവിധ സാമഗ്രികളുടെയും ഭാഷാ കേളികളുടെയും സഹായത്തോടെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നു. | • ഉറുദുപദകാർഡുകൾ<br>• വായന കാർഡുകൾ<br>• ചാർട്ടുകൾ<br>• ഉർദുപദചാർട്ട്<br>• ചിത്രകാർഡുകൾ<br>• പദകേളി - വായന<br>• കവികളുടെ ചിത്രം<br>• പേര്, വായന<br>• ബാലകവിതകൾ<br>• അക്ഷരകാർഡ് | ഉർദു അധ്യാപിക | ഉർദു ക്ലബ്ബ് & പി.ടി.എ | ജൂൺ മുതൽ മാർച്ച് വരെ |
| **എഴുത്ത്**<br>ഉറുദുഭാഷയിൽ ആശയങ്ങൾ എഴുതിയും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന് | • മുന്നറിവ് പരിശോധന നടത്തുന്നു. വാക്യങ്ങളിലൂടെ പദങ്ങളിലേക്കും അക്ഷരങ്ങളുടെ ഘടന മനസിലാക്കി എഴുതാനുള്ള കഴിവ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>• മാഗസിൻ നിർമാണം<br>• അക്ഷരമരം | പ്രീ ടെസ്റ്റ് നടത്താനുള്ള സാമഗ്രികൾ<br>• എ 4 ഷീറ്റ്<br>• സ്കെച്ച്<br>• പശ | ഉർദു അധ്യാപിക | ഉർദു ക്ലബ്ബ് | ജൂൺ മുതൽ മാർച്ച് വരെ (2025) |

| | | | | | |
|---|---|---|---|---|---|
| **<u>സർഗ്ഗാത്മകത</u>**<br>ശാരീരികവും മാനസികോല്ലാസവും കൈവരിക്കുന്നതിന്, മത്സരങ്ങളിൽ അവസരം ലഭിക്കുന്നതിന് പാടാനും എഴുതാനും മത്സരങ്ങളിൽ ഏർപ്പെടാനും | • ചിത്രരചന<br>• പാട്ടുകളുടെ വീഡിയോ പ്രദർശനം<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് എല്ലാ വെള്ളിയും ഒരു ചിത്രമത്സരം<br>• പദനിരീക്ഷണം<br>• റോൾപ്ലേ<br>• പോസ്റ്റർ രചനാമത്സരം<br>• ആലാപനം<br>• ഫിലിം കാണൽ മത്സരം<br>• പ്രകൃതി നടത്തം | ക്രയോൺ<br>ഐ.സി.ട്ടി<br>എ4 ഷീറ്റ്<br>മൊബൈൽഫോൺ | ഉറുദു ടീച്ചർ | ഉറുദു ക്ലബ്ബ് | ജൂൺ മുതൽ മാർച്ച് വരെ |
| **ദിനാചരണം**<br>ദിനാചരണങ്ങളുടെ പേര് ഉർദുവിൽ | എല്ലാ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തുന്നു. | എ4 ഷീറ്റ്<br>ക്രയോൺ<br>സ്കെച്ച് | ഉറുദു ടീച്ചർ | ഉറുദു ക്ലബ്ബ് സ്റ്റാഫ് | ആഗസ്ത് മുതൽ |
| ഉറുദു അസംബ്ലി<br>ഉറുദു ഭാഷയുടെ മാധ്യമം പകർന്ന് നൽകുക | അസംബ്ലി സംഘടിപ്പിക്കുന്നു. | ചുമർ പത്രിക<br>വാർത്ത<br>പ്രതിജ്ഞ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ – ഹിന്ദി

**ലക്ഷ്യങ്ങൾ**

സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും നേടിയെടുക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പ് വരുത്തുക.

ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക.

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലയളവ് | ചുമതല | ക്ലാസ് |
|---|---|---|---|---|
| കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീ-ടെസ്റ്റ് നടത്തുന്നു. | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കുവാനും എഴുതുവാനും സംസാരിക്കുവാനും ആശയ വിനിമയം നടത്തുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ.<br><br>CWSN, SL കുട്ടികൾക്കു വേണ്ടിയുള്ള അധികപഠന പിന്തുണ ഉറപ്പാക്കൽ | ജൂൺ ആദ്യവാരം | അധ്യാപകൻ | 6,7 |
| അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ അടങ്ങി ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷ്യൽ സഹായത്തോടെ ഉച്ചാരണം കൂടുതലായ് പരിചയപ്പെടുത്തുന്നു. | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ജൂൺ | അധ്യാപകൻ | 5,6 |
| ഹിന്ദി വായന<br>നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുക. മറ്റ് ഹിന്ദി ചിത്രകഥകൾ വായിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. | തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | ജൂൺ ഫെബ്രുവരി | അധ്യാപകൻ | 5,6,7 |

| | | | | |
|---|---|---|---|---|
| ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവയുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്നവരെ ക്ലാസിൽ കൊണ്ടുവന്ന് സംസാരിക്കാനുള്ള അവസരം നൽകും. | ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ജൂൺ ഫെബ്രുവരി | അധ്യാപകൻ | 5,6,7 |
| വായനക്ക്<br>ഹിന്ദി തെറ്റിച്ച് അധ്യാപകർ വായിക്കും.കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും. | | | | |
| മത്സരവായന<br>മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടാതെ കൂടുതൽ വരി വായിക്കണം. | | | | |
| ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഡോക്യുമെന്ററി, ഹിന്ദി സിനിമ കാണാനുള്ള അവസരം, വാർത്തകൾ കാണാനും കേൾക്കാനുമുള്ള അവസരം | ഹിന്ദി അനായാസേന സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക. | ജൂൺ – ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | 5,6,7 |

# അക്കാദമിക മാസ്റ്റർപ്ലാൻ - 2025-26 - മേഖല യു.പി ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഗണിതപഠനപ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 2) അടിസ്ഥാനഗണിതക്രിയകകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. കരുതൽ 2025 | നമ്പർ കാർഡ്, മഞ്ചാടികുരു, മുത്തുകൾ ഇവ ഉപയോഗിച്ച് കളിരീതിയിലൂടെ അടിസ്ഥാന ക്രിയകകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം | ജൂൺ - ആഗസ്ത് | | |
| 3) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലേക്കെത്തിക്കുന്നു. | ഗണിതക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |

| | | | | |
|---|---|---|---|---|
| 4) ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള വിദഗ്ധരായ അധ്യാപകരെ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഉതകുന്ന തരത്തിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 5) വിവിധ ശേഷികളുടെ വികസനം | ദിനാചരണം, ശിൽപ്പശാല, പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | ഡിസംബർ | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 6) ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ഇതു പോലുള്ള പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഐ.ടി പിരീയഡ് ലാബിൽ വച്ചുള്ള പഠനത്തിന്റെ ഭാഗമായി. | |
| 7) രസകരമായ ഗണിതശാസ്ത്രപഠനവും കരചലന ശേഷികളുടെ വികസനവും | <u>ജ്യോമെട്രിക്കൽ പാറ്റേൺ പരിശീലനം</u><br>വിവിധ തരത്തിലുള്ള ജ്യോമെട്രിക്കൽ പാറ്റേൺ വരച്ച് അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | മാസത്തിൽ ഒരു പ്രാവശ്യം പ്രദർശനം മാർച്ച് മാസത്തിൽ | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |

അക്കാദമിക മാസ്റ്റർപ്ലാൻ 2025 - 26
സാമൂഹ്യശാസ്ത്രം

| പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിന്റെ ചുവരിൽ വാർഡ്, പഞ്ചായത്ത്, ജില്ല , കേരളം , ഇന്ത്യ എന്നീ ഭൂപടങ്ങൾ പതിക്കുന്നു | പ്രാദേശികമായ ധാരണ കുട്ടികളിൽ വളർത്തുന്നതിന് | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | അധ്യയന വർഷം | |
| വിദഗ്ധരുടെ ക്ലാസ് , അഭിമുഖം നടത്തൽ<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | പ്രാദേശിക ചരിത്രത്തെ കുറിച്ച് ധാരണ ഉണ്ടാക്കുന്നതിന് | ടീച്ചർ ക്ലബ്ബ് HM | ,, | |
| ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ക്വിസ് മത്സരങ്ങൾ നടത്തൽ | ചരിത്ര പ്രാധാന്യമുള്ള ദിനങ്ങളെ കുറിച്ച് ധാരണ ഉണ്ടാക്കുന്നതിന് | ,, | ,, | |
| സാമൂഹ്യശാസ്ത്ര ലാബ് നവീകരണം, ICT വീഡിയോ പ്രദർശനം | സാമൂഹ്യശാസ്ത്ര പഠന രീതികളെ മെച്ചപ്പെടുത്തൽ | ,, | ,, | |
| സ്കൂൾ ഇലക്ഷൻ നടത്തുന്നു സ്കൂൾ പാർലമെന്റ് രൂപീകരണം | പൗര ധർമ്മം മനസ്സിലാക്കുന്നതിന് | ടീച്ചർ ക്ലബ്ബ് | ജൂലൈ ആഗസ്റ്റ് | |